"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

KSHB Building, ശാന്തിനഗർ,
തിരുവനന്തപുരം - 695 001.

നമ്പർ:- സി1/7548/15

തീയതി: 20.08.2015.

## ഭേദഗതി അറിയിപ്പ് 3 (Prospectus No. SCVT/04/2015)

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ കളിൽ 2015 ആഗസ്റ്റ് സെഷനിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസുകൾ 08.06.15 ന് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. 04.08.2014 ലെ DGE&T-19/06(1)/2014-CD നമ്പർ കത്ത് പ്രകാരം നിർത്തലാക്കിയ 20 ട്രേഡുകളിൽ ഒന്നായ Driver Cum Mechanic ട്രേഡിൽ 2015 ആഗസ്റ്റ് സെഷനിൽ കൂടി പ്രവേശനം നടത്തുവാൻ 05.08.2015 ലെ MSDE-19/3/2015-CD നമ്പർ കത്ത് പ്രകാരം DGT ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ **പ്രോസ്പെക്ടസ് നമ്പർ. SCVT/04/2015** ലെ അനുബന്ധം **2** പട്ടികയിലെ ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ മെട്രിക് ട്രേഡുകൾ എന്ന ഭാഗത്ത് അവസാനമായി Driver Cum Mechanic എന്ന ട്രേഡ് കൂടി ഉൾപ്പെടുത്തി ടി പ്രോസ്പെക്ടസ് ഭേദഗതി വരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഐ.ടി.ഐകളുടെ പേരും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 41. | ഗവൺമെന്റ് ഐ.ടി.ഐ കൊയിലാണ്ടി, കോഴിക്കോട്. | ***മെട്രിക് ട്രേഡുകൾ*** | |
| | | 3. ഡ്രൈവർ കം മെക്കാനിക് | 2 |
| 54. | ഗവൺമെന്റ് ഐ.ടി.ഐ കയ്യൂർ, കാസർഗോഡ് | ***മെട്രിക് ട്രേഡുകൾ*** | |
| | | 5. ഡ്രൈവർ കം മെക്കാനിക് | 1 |

**പ്രോസ്പെക്ടസ് നമ്പർ. SCVT/04/2015** ലെ അനുബന്ധം **2** പട്ടികയിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, **"ഡ്രൈവർ കം മെക്കാനിക്"** എന്ന ട്രേഡ് കൂടി ടി പ്രോസ്പെക്ടസിലെ അനുബന്ധം - **1** പട്ടികയിൽ ക്രമനമ്പർ. **34(a)** ആയി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 34 (a) | ഡ്രൈവർ കം മെക്കാനിക് | 6 മാസം (1 സെമസ്റ്റർ) | എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത വിജയിച്ചിരിക്കണം. |

**പ്രോസ്പെക്ടസ് നമ്പർ. SCVT/04/2015**-ലെ പേജ് നമ്പർ. **4 ൽ പ്രായവും, ശാരീരിക യോഗ്യതയും** എന്ന ഭാഗത്ത് "ഡ്രൈവർ കം മെക്കാനിക് ട്രേഡിൽ അപേക്ഷിക്കുന്നവർക്ക് 31.07.2015-ൽ 18 വയസ്സ് പൂർത്തിയായിരിക്കണം" എന്ന് കൂട്ടിച്ചേർത്ത് വായിക്കേണ്ടതാണ്.

**സെക്രട്ടറി, എസ്.സി.വി.റ്റി**

എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന)

Note: 1. ഡ്രൈവർ കം മെക്കാനിക് ട്രേഡിലേക്കുള്ള പ്രവേശനത്തിന് പുതിയതായി അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.

2. 13.08.2015-ലെ സി1/7548/15 നമ്പർ കത്ത് പ്രകാരമുള്ള കലണ്ടർ അനുസരിച്ച് അപേക്ഷകൾ ക്ഷണിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.